നമ്പർ.എൻ.ഇ.പി(3)/15266/ഡി.പി.ഐ/2012

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 01.03.2012

## സർക്കുലർ

**വിഷയം:-പൊതുവിദ്യാഭ്യാസം - 2012-13 അധ്യയനവർഷം പത്താംക്ലാസിൽ ഐ.സി.ടി പഠിപ്പിക്കുന്ന അധ്യാപർക്കുള്ള പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: 1) 01.02.2012 ലെ ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ്.
2) 29.11.2011 ലെ സംസ്ഥാനകരിക്കുലം കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സ്.

അടുത്ത അധ്യയനവർഷം മുതൽ (2012-13) പത്താംക്ലാസിലെ ഐ.സി.ടി പാഠപുസ്തകം പൂർണമായും ഐ.സി.ടി അധിഷ്ഠിതമാക്കിയിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ 8, 9 ക്ലാസുകളിലെ ഐ.സി.ടി പാഠപുസ്തകങ്ങൾ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 2012-13 അധ്യയനവർഷത്തിൽ പത്താംക്ലാസിലും പുതുക്കിയ ഐ.സി.ടി പാഠപുസ്തകം നടപ്പിലാക്കുന്നതിന് സംസ്ഥാന കരിക്കുലം കമ്മിറ്റി തീരുമാനിക്കുകയും പുതിയപുസ്തകം കുട്ടികൾക്ക് ലഭ്യമാക്കുന്നതുമാണ്. വിവിധവിഷയങ്ങൾ ഐ.സി.ടി അധിഷ്ഠിതമായി ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സമഗ്രമായ അധ്യാപക പരിശീലനം ആവശ്യമാണ്. പ്രസ്തുത പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അടുത്ത അധ്യയനവർഷം പത്താംക്ലാസിൽ ഐ.ടി പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഐ.ടി @ സ്കൂൾ നടത്തുന്ന 6 ദിവസത്തെ ഐ.സി.ടി പരിശീലനത്തിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്. പരിശീലനം 07.04.2012 മുതൽ ആരംഭിക്കുന്നതാണ്.
2. പത്താംക്ലാസിൽ ഐ.സി.ടി പാഠപുസ്തകം പഠിപ്പിക്കുന്നത് പരിശീലനം ലഭിച്ച അധ്യാപകർ മാത്രമാണെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. മുൻ വർഷങ്ങളിൽ 8, 9, 10 ക്ലാസുകളിൽ ഐടി പഠിപ്പിച്ചവർ, അടിസ്ഥാന ഐടി പരിശീലനത്തോടൊപ്പം ഐസിടി അധിഷ്ഠിത പരിശീലനം ലഭിച്ചവർ എന്നിവരെയാണ് പത്താംക്ലാസിലെ ഐസിടി പഠനത്തിനായി നിയോഗിക്കേണ്ടത്.
3. അടുത്ത അധ്യയനവർഷം പത്താംക്ലാസിൽ ഐ.ടി പഠിപ്പിക്കേണ്ട അധ്യാപകരെ 2012 മാർച്ച് 9-ന മുമ്പ് സ്കൂളിൽ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് കണ്ടെത്തേണ്ടതും പ്രസ്തുതവിവരം പരിശീലനം നൽകുന്നതിനായി **www.itschool.gov.in** എന്ന വെബ് വിലാസത്തിൽ (ICT Training for Teachers എന്ന ലിങ്കിൽ) മാർച്ച് 14 ന മുമ്പ് ഉൾപ്പെടുത്തേണ്ടതുമാണ്.
4. പരിശീലനത്തിന് രജിസ്റ്റർ ചെയ്യുമ്പോൾ അധ്യാപകർക്ക് സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുന്നതിനും ബാച്ചുകൾ നിർദ്ദേശിക്കുന്നതിനും അവസരമുണ്ടായിരിക്കും.
5. പരിശീലന നടത്തിപ്പ് സംബന്ധിച്ച വിശദമായ സർക്കുലർ ഐ.ടി @സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.
6. മുഴുവൻ അധ്യാപകർക്കും സമയബന്ധിതമായി പരിശീലനം നൽകേണ്ടതിന്റെ പ്രാധാന്യം ജില്ലാതല വിദ്യാഭ്യാസ ഓഫീസർമാർ പ്രഥമാധ്യാപകരുടെ യോഗത്തിൽ വിശദീകരിക്കേണ്ടതും ഇതിന്റെ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)